**Witness to the Hiroshima A-Bombing: A Testimony**

**Speaker : Mrs. Setsuko Maria Hattori**
**(Parishioner, Noboricho Catholic Church )**
**Translated by Bro. Bony James Moozhiyankal SJ**
**(Jesuit Residence, Hiroshima, Japan)**

**マラヤーラム語**
**(ケララ州　インド)**
**Malayalam Language**
**(Kerala State, INDIA)**

## <u>അണുബോംബിന്റെ ദൃക്സാക്ഷി വിവരണം</u>

**ശ്രീമതി സെറ്റ്സുക മരിയ ഹത്തോരി.**

ഹിരോഷിമ നഗരചരിത്രത്തെ മൂന്നായി വിഭജിക്കാം. ഒന്ന്. ആദ്യം മുതലെ ശക്തമായിരുന്ന ഒരു സൈനീക നഗരം. രണ്ട്. അണുബോംബിനിരയായ നഗരം മൂന്ന്. ഇപ്പോൾ അറിയപ്പെടുന്നതുപോലെ സമാധാന നഗരം. (City of Peace). അറുപത് വർഷങ്ങൾക്ക് മുമ്പ് ഹിരോഷിമ സൈനീകരേയും പടക്കോപ്പുകളേയും കൊണ്ട് നിറഞ്ഞ ശക്തമായ ഒരു സൈനീകകേന്ദ്രമായി അറിയപ്പെട്ടിരുന്നു. 1930 കളിലെ ചൈന - ജപ്പാൻ യുദ്ധകാലത്ത് ആളുകളേയും യുദ്ധസാമഗ്രികളും ജപ്പാൻ അയച്ചിരുന്നത് പ്രധാനമായും ഹിരോഷിമ തുറമുഖത്തുനിന്നായിരുന്നു.

ചൈനയുമായുണ്ടായ യുദ്ധത്തിലെ വിജയം ജപ്പാനിൽ ശക്തമായ ഒരു ദേശീയവികാരത്തിന് വഴിതെളിച്ചു. എന്നാൽ യുദ്ധത്തിന്റെ ഗതി ജപ്പാനെതിരായി തിരിഞ്ഞുതുടങ്ങിയത് പെട്ടെന്നായിരുന്നു. പസഫിക് സമുദ്രത്തിലെ മിഡ്‌വേ യുദ്ധം(Midway Battle) എന്നറിയപ്പെടുന്ന യുദ്ധം മുതൽ ജപ്പാന്റെ യുദ്ധപരാജയം ആരംഭിച്ചു എന്ന് പറയാം. വെട്ടിപ്പിടിച്ച രാജ്യങ്ങളും സ്ഥലങ്ങളും ഒന്നൊന്നായി നഷ്ടപ്പെട്ട ജപ്പാൻ സൈന്യം, ഒടുവിൽ സ്വന്തം രാജ്യത്തിന്റെ തെക്കെ അറ്റത്തുള്ള ഒക്കിനാവ എന്ന ദ്വീപിലേക്ക് പിന്മാറാൻ നിർബന്ധിതരാവുകയും അവിടുത്തെ പ്രധിരോധത്തിൽ മാത്രമായി ഒതുങ്ങിപ്പോവുകയുമാണുണ്ടായത്. കൂടാതെ, 1942 - 45 കാലയളവിൽ ജപ്പാന്റെ പ്രധാനനഗരങ്ങളെല്ലാം തന്നെ സംഖ്യസേനയുടെ നിരന്തരമായ വ്യോമാക്രമണത്തിൽ തകർന്നു തരിപ്പണമായി കഴിഞ്ഞിരുന്നു. എന്നാൽ ഹിരോഷിമാ മാത്രം അതുവരെയും ഇത്തരം ആക്രമണങ്ങൾക്കൊന്നും വിധേയമായിരുന്നില്ല. എന്നാൽ 1945 ആഗസ്റ്റ് മാസം 6-ാം തീയതി, ഒറ്റ ദിനം കൊണ്ട് ഹിരോഷിമയുടെ ചരിത്രം മാറിമറിഞ്ഞു. അന്നാണ് “എനോളഗേ” എന്ന പോർ വിമാനം ഹിരോഷിമയിൽ അണുബോംബ് വർഷിച്ചത്.

ഈ ബോംബിന്റെ പരീക്ഷണത്തിനുവേണ്ടിയായിരുന്നു ഹിരോഷിമായെ അതുവരേയും ആക്രമിക്കാതെ വച്ചു കൊണ്ടിരുന്നത് എന്ന് പിന്നീടെനിക്ക് തോന്നുകയുണ്ടായി. സ്ഫോടനഫലമായി ഏതാണ്ട് 200,000 ആളുകൾ തൽക്ഷണം മരിക്കുകയും 300,000 ആളുകൾക്ക് അണുവികിരണം ഉൾപ്പെടെയുള്ള പരുക്കുകൾ ഏൽക്കുകയും ചെയ്തു. സ്ഫോടനകേന്ദ്രത്തിലെ താപനില ഏതാണ്ട് 3,000°C മുതൽ 4,000°C വരെയായിരുന്നു എന്ന് പിന്നീട് കേൾക്കുകയുണ്ടായി. ഇരുമ്പുരുക്കാൻ 1,500°C മാത്രമാണാവശ്യം എന്നിരിക്കെ ഈ സ്ഫോടനത്തോടെ ഹിരോഷിമയിൽ സംഭവിച്ചതെന്തെന്ന് ഊഹിക്കാവുന്നതേയുള്ളു. സ്ഫോടനത്തിന്റെ ഫലമായി സെക്കന്റിൽ 300 മീറ്റർ വേഗത്തിലുള്ള കാറ്റ് ആഞ്ഞടിച്ചു. 50 മീറ്റർ വേഗതയുള്ള കാറ്റിൽ പോലും മനുഷ്യന് എഴുന്നേറ്റ് നിൽക്കാൻ ബുദ്ധിമുട്ടുള്ളപ്പോൾ ആറ്റംബോബ് സ്ഫോടനഫലമായുണ്ടായ കാറ്റിന് എത്രമാത്രം ശക്തിയുണ്ടായിരിക്കണം.

ആ കാലത്ത് ഞാൻ 14 വയസ്സുള്ള ഒരു ഹൈസ്ക്കൂൾ വിദ്യാർത്ഥിനിയായിരുന്നു. പുരുഷന്മാരെല്ലാവരുംതന്നെ യുദ്ധത്തിനായി പോയിരുന്നതിനാൽ സ്ത്രീകളും പെൺകുട്ടികളും സ്കൂളിലും മറ്റും പോകുന്നതിനു പകരം യുദ്ധസാമഗ്രികളുണ്ടാക്കുന്ന ഫാക്ടറികളിലും മറ്റും നിർബന്ധിത സേവനം ചെയ്തുവരികയായിരുന്നു. സ്ഫോടന കേന്ദ്രത്തിൽ നിന്ന് ഏകദേശം 1.7 km ദൂരെയുള്ള ഒരു സ്ഥലത്ത് ജോലിചെയ്തുകൊണ്ടിരുന്ന ഞാൻ പെട്ടെന്ന് ആകാശത്ത് ശക്ത

മായ ഒരു മിന്നലും (ജാപ്പനീസിൽ പികാ) തുടർന്ന് ഉണ്ടായ ഇടിമുഴക്കവും (ജാപ്പനീസിൽ ദൊൻ) ശ്രദ്ധിച്ചു. (പിന്നീട് അണുബോംബ് സാധാരണയായി അറിയപ്പെട്ടിരുന്നത് "പികാദൊൻ" എന്നാണ്.) പിന്നീട് തുറസ്സായ സ്ഥലത്തുണ്ടായിരുന്ന എല്ലാവരും തന്നെ മിന്നലിന്റെ ശക്തമായ ചൂടേറ്റ് പൊള്ളി മരിച്ചു. തുടർന്നുണ്ടായ ശക്തമായ കാറ്റിൽ ഭൂമി കുലുക്കത്തിലെന്നപോലെ വീടുകളും മറ്റും കുലുങ്ങി വിറച്ചു. കാറ്റിന്റെ ശക്തിയിൽ ഞാൻ തറയിൽ നിന്ന് തനിയെ ഉയർന്നു പോവുന്നതുപോലെ തോന്നി. വീടിന്റെ മേൽക്കൂരയും ഭിത്തികളും തകർന്ന് എന്റെ ചുറ്റിലുമായി പതിച്ചു. പുകയും പൊടിപടലങ്ങളും കാരണം ശ്വാസം എടുക്കാൻ പോലും ബുദ്ധിമുട്ടുകയായിരുന്ന ഞാൻ മരണം ഏതാണ്ട് ഉറപ്പാക്കിയതാണ്. എന്റേത് ഒരുനില വീടായിരുന്നതിനാൽ ബുദ്ധിമുട്ടിയാണെങ്കിലും ഒരു വിധത്തിൽ ഞാൻ പുറത്തിറങ്ങി. (ബഹുനിലക്കെട്ടിടങ്ങളിൽ താമസിച്ചിരുന്നവരിൽ മിക്കവരും കെട്ടിടാവശിഷ്ടങ്ങൾക്കിടയിൽപ്പെട്ടും അഗ്നിക്കിരയായും മരണപ്പെട്ടു.

എന്റെ വസ്ത്രങ്ങൾ ഏതാണ്ട് പൂർണ്ണമായിത്തന്നെ കീറിപ്പറിഞ്ഞ് അലങ്കോലപ്പെട്ടിരുന്നു. ശരീരത്ത് ധാരാളം ഗ്ലാസ്സുകഷണങ്ങൾ തറച്ചുകയറുകയും ചെയ്തു. പുറത്തിറങ്ങി നോക്കിയ ഞാൻ ചുറ്റുമുള്ള വീടുകൾ എല്ലാം തന്നെ തകർന്നടിഞ്ഞുകിടക്കുന്ന കാഴ്ചയാണ് കണ്ടത്. എങ്ങും സഹായിക്കണേ എന്നുള്ള രോദനങ്ങൾ മാത്രം. ഒരു പക്ഷേ നഗ്നപാദുകനായ ജെൻ" (ഹദഷിനോ ജെൻ, Hadashino Gen) എന്ന കോമിക് ചിത്രകഥ വായിച്ചിട്ടുള്ളവർക്ക് ഞങ്ങളുടെ ആ സമയത്തെ ദുരവസ്ഥ ഭാവനയിൽ കാണാൻ കഴിഞ്ഞേക്കും.

കെട്ടിടാവശിഷ്ടങ്ങൾക്കിടയിൽ പെട്ടുപോയ പലരും രക്ഷപെടാനാവാതെ കത്തിച്ചാമ്പലാവുന്ന അവസ്ഥ. എല്ലാവർക്കും ഏതെങ്കിലും രീതിയിൽ പരിക്കേറ്റിരുന്നതിനാൽ ആർക്കും ആരേയും രക്ഷിക്കാവുന്ന അവസ്ഥയിലായിരുന്നില്ല. ജീവനും കൊണ്ട് ഓടി രക്ഷപെടുക മാത്രമായിരുന്നു അവശേഷിക്കുന്ന ഒരേ ഒരു വഴി. പരുക്കേറ്റ് നിസ്സഹായരായി ചുറ്റും കിടക്കുന്നവരിൽ നിന്ന് കണ്ണെടുക്കാതെ നിന്ന ഞാൻ, അവസാനം അമ്മയോടൊപ്പം അടുത്തുള്ള ഒരു മൈതാനത്തേക്ക് ഓടി. എങ്ങുമെങ്ങും കീറിപ്പറിഞ്ഞ ഉടയാടകളും പാറിപ്പറക്കുന്ന മുടിയിഴകളുമായി പ്രാണരക്ഷാർത്ഥം ഓടുന്ന മനുഷ്യർ മാത്രം.

അണുബോംബാക്രമണത്തിൽ നിന്ന് ജീവനോടെ രക്ഷപെട്ടവരെ പങ്കെടുപ്പിച്ചുകൊണ്ട് വർഷങ്ങൾക്ക് ശേഷം ഹിരോഷിമായയിൽ നടത്തിയ ചിത്രരചനാമേളയിൽ അത്യന്തം ഭീകരമായ അന്നത്തെ അനുഭവങ്ങൾ ആളുകൾ ഓർമ്മയിൽ നിന്നെടുത്ത് കടലാസിൽ കോറിയിട്ടത് ഞാനോർക്കുന്നു. അവയിൽ ചിലതിങ്ങനെ : കയ്യും മുഖവും വെന്ത് കരിഞ്ഞ് വികൃതമായ മനുഷ്യരൂപങ്ങൾ. ഉദരം പൊട്ടി പുറത്തേയ്ക്ക് ചാടിക്കിടക്കുന്ന ആമാശയഭാഗങ്ങളും, കുടലും നിലത്തു വീഴാതെ സ്വന്തം കൈ കൊണ്ട് താങ്ങിപ്പിടിച്ച് നില്ക്കുന്നവർ, കൺകുഴിയിൽ നിന്ന് വേർപെട്ട് പുറത്തേയ്ക്ക് തൂങ്ങിക്കിടക്കുന്ന നേത്രഗോളങ്ങളുമായി മറ്റ് ചിലർ, കീറിപ്പറിഞ്ഞ ചാക്കുകഷണങ്ങൾ പോലെ കത്തിക്കരിഞ്ഞ മാംസഭാഗങ്ങൾ കൈകളിൽ നിന്ന് താഴേയ്ക്ക് തൂങ്ങിക്കിടക്കുന്ന അവസ്ഥയിൽ വേറെ ചിലർ. കൈകളിൽ നിന്നും മറ്റും ഇനിയും മാംസം അറ്റു പോകാതിരിക്കാനായി കൈകൾ തൂക്കിയിടാതെ മുമ്പിലേയ്ക്ക് നീട്ടി നിവർത്തിപ്പിടിച്ച നിലയിൽ നടന്നു നീങ്ങുന്ന മനുഷ്യക്കോലങ്ങൾ. ഒരു ചെവി അറ്റുപോയ മകനെ മാറോട് ചേർത്ത് പിടിച്ച് ആശ്വസിപ്പിക്കുന്ന അമ്മ. സ്ഫോടനം തലച്ചോറിനേല്പ്പിച്ച ആഘാതത്തെത്തുടർന്ന് ചിന്താശേഷി നഷ്ടപ്പെട്ട മറ്റ് ചിലർ ലക്ഷ്യമില്ലാതെ അലഞ്ഞ് തിരിയുന്നു.

നഗരത്തിന്റെ ഏറിയ ഭാഗവും തീ വിഴുങ്ങിക്കഴിഞ്ഞിരുന്നു. പടർന്ന് കയറുന്ന തീയണയ്ക്കാൻ ആരും തന്നെ ശ്രമിച്ചില്ല; അല്ല, അതിനാരും ഉണ്ടായിരുന്നില്ല എന്ന് വേണം പറയാൻ. കാരണം നഗരത്തിലെ അഗ്നിശമനസേന ഏതാണ്ട് പൂർണ്ണമായിത്തന്നെ നശിച്ചുകഴിഞ്ഞിരുന്നു. പതിയെപ്പതിയെ ഹിരോഷിമ നഗരം ഒരു തീക്കടലായി മാറുകയായിരുന്നു. രാത്രിയോടെ നഗരം തീയണഞ്ഞ് തീക്കനലുകൾ മാത്രം തിളങ്ങുന്ന ഒരു വയലുപോലെകാണപ്പെട്ടു.

രാത്രിക്കു കനം കൂടിയതോടെ, ആകാശത്തുനിന്ന് കറുത്തിരുണ്ട കട്ടികൂടിയ എണ്ണ പോലുള്ള ഒരു ദ്രാവകം പെയ്ത് തുടങ്ങി. "കറുത്ത മഴ" (Black Rain) എന്ന പേരിൽ പിന്നീട് അറിയപ്പെട്ട ഈ പ്രതിഭാസത്തിന് കാരണമായത്, ശക്തമായ അണുസ്ഫോടനഫലമായി ആകാശത്തേയ്ക്ക് ഉയർന്ന് പൊങ്ങിയ വൻ തോതിലുള്ള പൊടിപടലങ്ങളായിരുന്നു. അണു വികിരണശേഷിയുള്ള ഈ പൊടിപടലങ്ങൾ അന്തരീക്ഷബാഷ്പവുമായിക്കൂടിച്ചേർന്ന് കറുത്ത വലിയ മഴത്തുള്ളികളായി താഴേയ്ക്ക് പതിക്കുകയായിരുന്നു എന്ന് പിന്നീട് ശാസ്ത്രജ്ഞർ കണ്ടെത്തി. പെയ്തിറങ്ങുന്ന ഓരോ കറുത്ത മഴത്തുള്ളിയിലും ഒളിഞ്ഞിരിക്കുന്ന അണുവികിരണശേഷിയും അതുണ്ടാക്കാൻ പോകുന്ന മാരകഫലങ്ങളേക്കുറിച്ചും അജ്ഞരായിരുന്ന ഞങ്ങൾ, സന്തോഷപൂർവ്വം ആ മഴയിൽ ഇറങ്ങി കുളിച്ചു. കറുത്തമഴയിൽ നനഞ്ഞവർക്കെല്ലാം അധികം വൈകാതെ തന്നെ പനിയും വിറയലും അനുഭവപ്പെട്ടുതുടങ്ങി. ആ രാത്രി പലരും പുറത്ത് വയലിലാണ് കിട

ന്നുറങ്ങിയത്. അവരിൽ പലരുടെയും രോദനങ്ങൾ അടുത്ത ദിനം പുലർച്ചെ വരെ നീണ്ടു നിന്നില്ല, കാരണം അവരിൽ ഏറിയ പങ്കും സൂര്യോദയത്തിനു മുമ്പ് തന്നെ മരിച്ചുകഴിഞ്ഞിരുന്നു.

അടുത്ത ദിവസം രാവിലെ മുതൽ അച്ഛനെ തേടി ഞാൻ അമ്മയുമൊത്ത് നഗരമൊട്ടാകെ അലഞ്ഞ് നടന്നു. സ്ഫോടനകേന്ദ്രത്തിനടുത്തുണ്ടായിരുന്ന ഒരു സ്ഥലത്ത് നിർബന്ധിത സേവനത്തിലേർപ്പെട്ടിരുന്ന അച്ഛൻ, മരിച്ചുപോയിട്ടുണ്ടാവണം എന്ന് മറ്റുള്ളവർ പറയുന്നത് ഞങ്ങൾകേട്ടു. പിന്നീട് അച്ഛന്റെ ശരീരാവശിഷ്ടങ്ങൾക്കായി തെരഞ്ഞെങ്കിലും ഫലമുണ്ടായില്ല. വഴിപോക്കരോടെല്ലാം അന്വേഷിച്ചെങ്കിലും ആർക്കും ഒന്നും അറിയില്ലായിരുന്നു.

അച്ഛനെത്തേടി നടന്നപ്പോഴെല്ലാം ഞാൻ പരുക്കേറ്റിരുന്ന എന്റെ കാലും വലിച്ചുകൊണ്ട് മുടന്തിയാണ് നടന്നിരുന്നത്. ത്രികോണാകൃതിയിലുള്ള എന്തോ ഒന്ന് കാലിൽതറച്ചുകയറിയിരിക്കുന്നത് ഞാൻ ശ്രദ്ധിച്ചു. അത് ഒരു ഗ്ലാസ് കഷണമായിരുന്നു. നടന്നുനീങ്ങുന്ന ഞങ്ങളോട് ഒരു തുള്ളി വെള്ളത്തിനായി കേഴുന്നവർ നിരവധിയായിരുന്നു. ധാരാളം പേർ, 'വെള്ളം, വെള്ളം' എന്ന് ചോദിച്ചുകൊണ്ട് കുഴഞ്ഞ് വീണ് മരിച്ചുകൊണ്ടിരുന്നു. പിന്നീട് ഈ സംഭവത്തേക്കുറിച്ച് ഓർക്കുമ്പോൾ ഞാൻ എപ്പോഴും വിചാരിക്കുന്നത് അത് ശാരീരികദാഹം എന്നതിലുപരി ഒരു ആത്മീയ ദാഹം ആയിരുന്നു എന്നാണ്. അന്ത്യസമയത്തെ പീഢാനുഭവങ്ങളുടെ ഉച്ചസ്ഥായിയിൽ കുരിശിൽകിടന്നുകൊണ്ട് 'എനിക്കു ദാഹിക്കുന്നു' എന്നുള്ള യേശുവിന്റെ നിലവിളിക്കു സമാനമായിരുന്നില്ലേ, 'വെള്ളം, വെള്ളം' എന്നുള്ള അവരുടെ നിലവിളിയും എന്നെനിക്ക് തോന്നിപ്പോകുന്നു.

പിന്നീടുള്ള ദിനങ്ങളിൽ ഞങ്ങൾ മൃതദേഹങ്ങൾ കൂട്ടം കൂട്ടമായി ദഹിപ്പിച്ചുതുടങ്ങി. മൃതശരീരങ്ങൾ വൻതോതിൽ കൂട്ടിയിട്ട് അവയ്ക്ക് മുകളിൽ മരക്കഷ്ണങ്ങൾ നിരത്തി മണ്ണെണ്ണയൊഴിച്ച് തീകൊളുത്തി ദഹിപ്പിക്കുകയാണുണ്ടായത്. എരിഞ്ഞടങ്ങുന്ന ആ ചിതയിൽ എന്റെ അയൽപക്കത്ത് താമസിച്ചിരുന്ന ഒരു കൊച്ചുകുട്ടിയുടെ മൃതദേഹവും ഉണ്ടായിരുന്നെങ്കിലും എനിക്ക് പരിചയമില്ലാത്തവരുടേതായിരുന്നു കൂടുതലും. മിനുട്ടുകൾക്കുള്ളിൽ അതൊരു വലിയ ശവപ്പറമ്പായി മാറി. ആ ദിവസങ്ങളിൽ ഇത്തരം കൂട്ട ദഹിപ്പിക്കലുകൾ നഗരത്തിൽ പലയിടങ്ങളിലും അരങ്ങേറി. തൽഫലമായി ഇന്നും ഹിരോഷിമ നഗരം മൊത്തത്തിൽ ഒരു വലിയശവപ്പറമ്പായി അറിയപ്പെടുന്നു.

എന്തുകൊണ്ടായിരിക്കാം ഹിരോഷിമാ നഗരത്തിൽ ഇത്രയും ആളുകൾകൊല്ലപ്പെട്ടത്? ഒരു കാരണമായി പറയാവുന്നത് ബോംബ് വീണസമയത്ത് ആളുകൾ മിക്കവരും വീടുകൾക്ക് വെളിയിൽ ജോലിയിൽ ആയിരുന്നു എന്നതാണ്. വ്യോമാക്രമണം ഉണ്ടായാൽ തീ പടരാനുള്ള സാധ്യതയ്ക്ക് ആക്കം കൂട്ടുന്ന മരം കൊണ്ട് നിർമ്മിച്ച വീടുകൾ പൊളിച്ചുമാറ്റുന്ന ജോലി ആ ദിവസങ്ങളിൽ ഹിരോഷിമനഗരത്തിൽ തകൃതിയായി നടന്നു വരികയായിരുന്നു. ഈ ജോലിയുമായി ബന്ധപ്പെട്ട് ഹിരോഷിമ നിവാസികൾ മിക്കവരും വീടിനു വെളിയിലായിരുന്നതുകൊണ്ടും കൂടാതെ വീടുകൾ പൊളിച്ച് മാറ്റിയതു മൂലം തുറസ്സായ സ്ഥലങ്ങൾ വർദ്ധിച്ചതിന്റെ ഫലമായി സ്ഫോടനത്തെത്തുടർന്നുണ്ടായ ശക്തമായ ചൂടുകാറ്റിന്റെ പ്രവാഹത്തിന് തടയിടാൻതക്കശേഷിയുള്ള യാതൊന്നും അവശേഷിച്ചിരുന്നില്ല എന്ന കാരണം കൊണ്ടുമാണ് മരണസംഖ്യ ഇത്രയേറെ ഉയർന്നതെന്ന് കരുതപ്പെടുന്നു.

നേരത്തെ ഇങ്ങനെ തുറസാക്കിയസ്ഥലങ്ങളിൽ ജാപ്പനീസ് സൈനികരുടെ നേതൃത്വത്തിൽ ഉരുളക്കിഴങ്ങ് കൃഷിചെയ്തിരുന്നു. അദ്ഭുതമെന്ന് പറയട്ടെ, ഈ ഉരുളക്കിഴങ്ങ് ചെടികൾ ബോംബിന്റെ മാരകപ്രഹരത്തെ അതിജീവിച്ചു. മാത്രമല്ല, ആളുകൾക്ക് അതാഹാരമായിത്തീരുകയും ചെയ്തു.

ആഴ്ചകൾക്ക് ശേഷം പ്രത്യക്ഷത്തിൽ ശരീരികപരുക്കുകൾ ഒന്നും ഇല്ലാതിരുന്നവരിലും മാറ്റങ്ങൾ കണ്ടുതുടങ്ങി. മൂക്കിൽനിന്ന് രക്തം വരൽ, കടുത്ത വയറിളക്കം, മുടി പറിഞ്ഞുപോകൽ തുടങ്ങി നേരത്തെ ഏറ്റ അണുവികിരണത്തിന്റെ ഫലങ്ങൾ ഓരോന്നായി പ്രത്യക്ഷപ്പെട്ടുതുടങ്ങി. അണുബോംബ് നഗരത്തിലെ കെട്ടിടങ്ങളെയും മറ്റും നശിപ്പിക്കുക മാത്രമല്ല ചെയ്തത്. അത് നഗരത്തിലാകെ വ്യാപകമായ അണുപ്രസരണത്തിനും കാരണമാക്കിയിരുന്നു. എന്റെ സുഹൃത്തിന്റെ കുട്ടിയിലും അണുപ്രസരണത്തിന്റെ ഫലങ്ങൾ കണ്ടുതുടങ്ങി. വേദനകൊണ്ട് രാത്രിയിൽ ഉറങ്ങാനാവാതെ ബിദ്ധിമുട്ടിയിരുന്ന ആ കുട്ടിയെ പരിചരിച്ചുകൊണ്ട് അവന്റെ അമ്മയും എപ്പോഴും ഉണർന്നിരിക്കേണ്ടതായി വന്നു. കുട്ടിരുന്നു മടുത്ത അമ്മ ഒരിക്കൽ മകനെ ശാസിക്കുക വരെയുണ്ടായി. ആ കുട്ടി കരഞ്ഞ് കൊണ്ട് അമ്മയോട് കേണു: "എനിക്കീ രോഗം വേണ്ട, എനിക്കെന്റെ ആരോഗ്യം തിരിച്ചുതാ, ഇതെന്റെ കുറ്റമല്ല എനിക്കിനിയും ജീവിക്കണം". ദുഖകരം എന്നല്ലാതെ എന്തുപറയാൻ ആറാം വയസിൽ അവൻ ഈ ലോകത്തോടു വിടപറഞ്ഞു.

ആ കാലത്ത് അണുബോംബ് - വിധവകൾ/ കന്യകകൾ, എന്നു വിളിക്കപ്പെട്ടിരുന്ന ഒരുപറ്റം സ്ത്രീകൾ ഉണ്ടായിരുന്നു. അണുബോംബു സ്ഫോടനത്തെ തുടർന്നുണ്ടായ ചൂടിൽ മുഖമാകെ വെന്തുരുകി വികൃതമായി പോയതിനെ

തുടർന്ന് സമൂഹത്തിൽ നിന്ന് ഒറ്റപ്പെടുത്തപ്പെട്ട് പിന്നീടുളള ജീവിതം ദുരിതപൂർണ്ണമായി തീർന്ന യുവതികളായിരുന്നു ആ സ്ത്രീകൾ. അവരിലൊരാൾ പിന്നിടു കുറിച്ചിട്ട ഒരു കവിതയുണ്ട് : "എന്റെ പുഞ്ചിരി എന്നിക്കു തിരുച്ചു തരു. ക്രൂരമായ ഈ വിധിയും ചുമലിലേറ്റി ഒറ്റപ്പെട്ട ജീവതം നയിക്കുന്ന എന്റെ മുഖത്തെ പുഞ്ചിരിയിതാ അപ്രത്യക്ഷമായിരിക്കുന്നു. ഇനിയെന്നാണ് എനിക്കെന്റെ മുഖത്തെ പുഞ്ചിരി തിരിച്ചുകിട്ടുക".

ഇന്നും അവരിൽ പലരും തങ്ങളുടെ ദുരന്തകഥ ലോകത്തോടുപറഞ്ഞുകൊണ്ടിരിക്കുന്നു. അതുവഴി ലോകത്തിൽ സമാധാനം ഉണ്ടാക്കാമെന്നും, ഒപ്പം തങ്ങളുടെ വേദനകളെ അതിജീവിക്കാം എന്നും അവർ വിശ്വസിക്കുന്നു. ഞാനും ഏതാണ്ട് നാല് വർഷങ്ങൾക്ക് ശേഷം മാമോദീസ സ്വീകരിച്ച് ഒരു കത്തോലിക്ക വിശ്വാസിയായി തീർന്നു. ലോകത്തിന്റെ സമാധാനത്തിനും മരണപ്പെട്ടവരുടെ അത്മശാന്തിക്കായും പ്രർത്ഥിക്കുന്നതിലൂടെ ഇന്ന് ഞാനെന്റെ മനസിന്റെ സമാധാനം കണ്ടെത്തുന്നു.

ഇന്നത്തെ ലോകം ഹിരോഷിമ ബോംബിന്റെ ഏതാണ്ട് 1,000,000 മടങ്ങ് ശേഷിയുള്ള ആയുധങ്ങൾ കൈവശം വച്ചുകൊണ്ടിരിക്കുന്നു. അണുബോംബിന്റെ ജീവിച്ചിരിക്കുന്ന ഇര എന്ന നിലയിലും അതേൽപ്പിച്ച പ്രഹരത്തിന് ദൃക്സാക്ഷി എന്ന നിലയിലും ലോകത്തോട് ഒരല്പ്പം ദേഷ്യത്തോട് കൂടി തന്നെ ഒരു ചോദ്യം ചോദിക്കാനുണ്ട് : "1945 ആഗസ്റ്റ് 6-ാം തിയതി ഹിരോഷിമയിലുണ്ടായ ദുരന്തത്തിൽ നിന്ന് നാം എന്തേ ഇനിയും പഠിക്കാത്തത്?" ഇനിയൊരു അണുവായുധപ്രയോഗം ലോകത്തിലുണ്ടായാൽ അതൊരു പക്ഷെ മാനവരാശിയുടെ അന്ത്യം കുറിച്ചേക്കാം. യുദ്ധം നശിപ്പിക്കുകയേ ഉള്ളൂ, എന്നാൽ നശിച്ചതിനെ പടുത്തുയർത്താൻ കഴിയുന്നത് സമാധാനത്തിന് മാത്രവും. നമ്മുടെ അനുദിനജീവിതത്തിന്റെ കാര്യമെടുത്താൽ പോലും വെറുപ്പും വിദ്വേഷവും സമാധാനത്തെ ഹനിക്കാൻ മാത്രം ഉപകരിക്കുമ്പോൾ, പ്രാർത്ഥനയും, പരസ്പര വിശ്വാസവും സമാധാനത്തിലേക്ക് നയിക്കുന്നു. ഇത്തരത്തിലുള്ള പരിശ്രമങ്ങളിലൂടെ മാത്രമെ നമുക്ക് ലോകസമാധാനത്തിനു വേണ്ടി എന്തെങ്കിലുമൊക്കെ ചെയ്യാനാവു എന്ന് ഞാൻ ഉറച്ച് വിശ്വസിക്കുന്നു. എല്ലാത്തിനും ഉപരിയായി നാം സമാധാനത്തിനായി പ്രാർത്ഥിക്കുകയാണ് വേണ്ടത്.

അവസാനമായി ഒരു പാട്ടോടെ എന്റെ വാക്കുകൾ ഉപസംഹരിക്കട്ടെ

"എന്റെ ജന്മനാട് കത്തിയമർന്നു  
ചാരം മാത്രമായ ഈ മണ്ണിൽ ഞങ്ങളുടെ പ്രിയപ്പെട്ടവർ അന്ത്യനിദ്ര കൊള്ളുന്നു.  
ഇന്നിവിടെ വെളുത്ത പുഷ്പങ്ങൾ വിരിയുന്നുണ്ട്.  
പക്ഷേ, രണ്ടു അണുബോംബുകളും ഞങ്ങൾ മറക്കില്ല.  
അതുകൊണ്ടു തന്നെ മൂന്നാമതൊന്നിനെ ഞങ്ങളെതിർക്കുന്നു.  
ഇവിടെ മാത്രമല്ല ലോകത്തൊരിടത്തും ഇതാവർത്തിക്കാതിരിക്കാൻ".

ശ്രീമതി ഹത്തോരി ഹിരോഷിമ കത്തീഡ്രൽ ഇടവകാംഗവും ഹിരോഷിമ രൂപതയുടെ കീഴിലുള്ള ഫുകുയമ പള്ളിയിലെ ഫാ.ഡൈസുക പെട്രോസ് ഹത്തോരിയുടെ അമ്മയുമാണ്.